24–10–2024    പ്രഭാത മുരളി    ഓം ശാന്തി    ബാപ്ദാദ    മധുബൻ

## മധുരമായ കുട്ടികളെ – പരിധിയില്ലാത്ത അപാരസന്തോഷത്തിന്റെ അനുഭവം ചെയ്യുന്നതിനുവേണ്ടി ഓരോ നിമിഷവും ബാബയോടൊപ്പമിരിക്കൂ

**ചോദ്യം:–** ഏത് കുട്ടികൾക്കാണ് ബാബയിൽ നിന്നും വളരെ–വളരെ ശക്തി ലഭിക്കുന്നത്?
**ഉത്തരം:–** ആർക്കാണോ നിശ്ചയമുള്ളത്, നമ്മൾ പരിധിയില്ലാത്ത വിശ്വത്തെ പരിവർത്തനപ്പെടുന്നവരാണ്, നമുക്ക് പരിധിയില്ലാത്ത വിശ്വത്തിന്റെ അധികാരിയാകണം. നമ്മെ പഠിപ്പിക്കുന്നത് സ്വയം വിശ്വത്തിന്റെ അധികാരിയായ ബാബയാണ്. ഇങ്ങനെയുള്ള കുട്ടികൾക്ക് വളരെയധികം ശക്തി ലഭിക്കുന്നു.

**ഓം ശാന്തി.** മധുര–മധുരമായ ആത്മീയ കുട്ടികൾക്ക് അഥവാ ആത്മാക്കൾക്ക് ആത്മീയ പിതാവായ പരംപിതാ പരമാത്മാവ് പഠിപ്പിക്കുകയും മനസ്സിലാക്കിത്തരികയും ചെയ്യുന്നു കാരണം കുട്ടികൾ തന്നെയാണ് പാവനമായി സ്വർഗ്ഗത്തിന്റെ അധികാരികളായിത്തീരുന്നത്. മുഴുവൻ വിശ്വത്തിന്റെയും പിതാവ് ഒരാൾ തന്നെയാണ്. ഈ കാര്യം കുട്ടികൾക്ക് നിശ്ചയം വേണം. മുഴവൻ വിശ്വത്തിന്റെയും പിതാവ്, സർവ്വാത്മാക്കൾക്കും പിതാവ് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയാണ്. ഇത്രയെങ്കിലും ബുദ്ധിയിൽ ഇരിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ എല്ലാവരുടെയും ബുദ്ധി തമോപ്രധാനവും, ഇരുമ്പിനു സമാനവുമാണ്, കാരണം ഇരുമ്പു യുഗമാണ്. ബുദ്ധി ആത്മാവിലാണ് ഉണ്ടാവുക. അപ്പോൾ ഇത്രയെങ്കിലും കാര്യം ബുദ്ധിയിലുണ്ടോ? പരിധിയില്ലാത്ത പിതാവാണ് നമ്മളെ പഠിപ്പിക്കുന്നത്, നമ്മൾ പരിധിയില്ലാത്ത വിശ്വത്തെ പരിവർത്തനപ്പെടുത്തുകയാണ് എന്നെല്ലാം മനസ്സിലാക്കാനുള്ള ശക്തി ലഭിക്കുന്നുണ്ടോ? ഈ സമയം പരിധിയില്ലാത്ത സൃഷ്ടിയെ നരകം എന്നാണ് പറയുക. ദരിദ്രരായവർ മാത്രം നരകത്തിലും ബാക്കി സന്യാസിമാരും, ധനവാന്മാരും, ഉയർന്ന പദവിയിലിരിക്കുന്നവരും സ്വർഗ്ഗത്തിലുമാണെന്നാണോ മനസ്സിലാക്കുന്നത്? ബാബ നമുക്കു മനസ്സിലാക്കിത്തരുന്നു ഈ സമയത്തുള്ള മനുഷ്യരെല്ലാവരും നരകത്തിലാണ്. ആത്മാവ് എത്ര ചെറുതാണെന്നുള്ളതെല്ലാം തന്നെ മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. ഇത്രയ്ക്കും ചെറിയ ആത്മാവിൽ മുഴുവൻ ജ്ഞാനവും നിലനിൽക്കുന്നില്ലേ അതോ മറന്നു പോകുന്നുണ്ടോ? വിശ്വത്തിലെ സർവ്വാത്മാക്കൾക്കും പിതാവ് നിങ്ങളുടെ സന്മുഖത്തിരുന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്. ബാബാ നമ്മുടെ കൂടെ ഇവിടെയുണ്ടെന്നുള്ള കാര്യം, മുഴുവൻ ദിവസവും ബുദ്ധിയിൽ സ്മൃതിയുണ്ടോ? എത്ര സമയം ബാബ ഇവിടെ ഇരിക്കുന്നുണ്ട്, ഒരു മണിക്കൂറാണോ, അരമണിക്കൂറാണോ അതോ മുഴുവൻ ദിവസവുമാണോ? ഈ കാര്യങ്ങളെല്ലാം തന്നെ ബുദ്ധിയിൽ ഓർമ്മ വെക്കാനും ശക്തി ആവശ്യമാണ്. പരമപിതാപരമാത്മാവായ ഈശ്വരനാണ് നിങ്ങളെ പഠിപ്പിക്കുന്നത്. പുറമെ തന്റെ വീടുകളിൽ ഇരിക്കുമ്പോൾ അവിടെ ബാബ കൂടെയുണ്ടാവില്ല. ഇവിടെ ബാബ പ്രത്യക്ഷത്തിലുണ്ട്. ആരുടെയെങ്കിലും പതി ഒരു സ്ഥലത്തും പത്നി മറ്റൊരു സ്ഥലത്തുമാണെങ്കിൽ ഞങ്ങൾ ഒരുമിച്ചാണെന്ന് ഒരിക്കലും പറയില്ല. പരിധിയില്ലാത്ത പിതാവ് ഒരാൾ മാത്രമാണ്. പിതാവ് സർവ്വതിലുമുണ്ടാകില്ലല്ലോ. തീർച്ചയായും ബാബ ഒരു സ്ഥലത്തു മാത്രമാണ് ഇരിക്കുന്നത്. പരിധിയില്ലാത്ത അച്ഛൻ നമ്മെ പുതിയലോകത്തിന്റെ അധികാരിയാക്കാൻ വേണ്ടി യോഗ്യരാക്കുകയാണെന്നുള്ള കാര്യം ബുദ്ധിയിലിരിക്കുന്നുണ്ടോ? നമ്മളെല്ലാവരും വിശ്വത്തിന്റെ അധികാരിയായിത്തീരാൻ യോഗ്യരാണെന്നുള്ള കാര്യം ഹൃദയത്തിലുണ്ടോ? ഇതിൽക്കൂടുതൽ സന്തോഷത്തിന്റെ ഖജനാവ് ആർക്കും തന്നെ ലഭിക്കുന്നില്ല. ഇപ്പോൾ നമ്മൾക്കറിയാം നമ്മൾ ഇവരെപ്പോലെ ആകുന്നവരാണ്. ഈ ദേവതകൾ എവിടെയുള്ള അധികാരികളാണെന്നുള്ള കാര്യവും നിങ്ങൾ മനസ്സിലാക്കുന്നു. ഭാരതത്തിൽ തന്നെയാണ് ദേവതകൾ ജീവിച്ചിരുന്നത്. ഇവരെല്ലാവരും വിശ്വത്തിന്റെ അധികാരികളായി മാറുന്നവരാണ്. ഇതെങ്കിലും നിങ്ങളുടെ ബുദ്ധിയിലുണ്ടോ? അവരെപ്പോലെയുള്ള പെരുമാറ്റമുണ്ടോ? അതുപോലെ സംസാരിക്കുന്ന ശൈലിയുണ്ടോ, അത്രയെങ്കിലും ബുദ്ധിയുണ്ടോ? ഏതെങ്കിലും കാര്യം വന്നാൽ പെട്ടെന്നു തന്നെ ദേഷ്യപ്പെടുക, ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടാക്കുക, മറ്റുള്ളവരെ ആക്ഷേപിക്കുക, ഈ രീതിയിൽ പെരുമാറുന്നുണ്ടോ? സത്യയുഗത്തിൽ ആരും തന്നെ ആരെയും ആക്ഷേപിക്കുന്നില്ല. അവിടെയുള്ളവർ ആക്ഷേപത്തിന്റെ മോശമായ ചിന്താഗതികൾ ഉള്ളവരായിരിക്കില്ല. ബാബ കുട്ടികളെ ശക്തമായി തന്നെ ഉയർത്തുകയാണ്. നിങ്ങൾ ബാബയെ ഓർമ്മിക്കുകയാണങ്കിൽ പാപം നശിക്കുന്നു. ബാബ ചോദിക്കുമ്പോൾ നിങ്ങൾ കൈകൾ ഉയർത്തുന്നുണ്ട്, പക്ഷേ പെരുമാറ്റവും ആ രീതിയിലാണോ? ബാബയാണ് പഠിപ്പിക്കുന്നത് എന്നുള്ള കാര്യം ബുദ്ധിയിൽ ശക്തമായിത്തന്നെ ഉണ്ടോ? ബാബയ്ക്കറിയാം വളരെയധികം പേരുടെ ലഹരി സോഡാ വെള്ളത്തിനു സമാനമാണ്. എല്ലാവർക്കും ഇത്രയും സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നില്ല. എപ്പോഴാണോ ബുദ്ധിയിൽ ഉണ്ടാകുന്നത് അപ്പോൾ ലഹരിയുമുണ്ടാകുന്നു. വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനു വേണ്ടിയാണ് ബാബ പഠിപ്പിക്കുന്നത്.

ഇവിടെ എല്ലാവരും പതിതരാണ്, രാവണ സമ്പ്രദായത്തിലുള്ളവരാണ്. രാമൻ വാനരസൈന്യത്തെ ഉപയോഗിച്ചതിന്റെ കഥയുണ്ടല്ലോ. അവരെ ഉപയോഗിച്ച് എന്തെല്ലാമോ ചെയ്തു എന്നെല്ലാം പറയുന്നുണ്ട്. ഇപ്പോൾ നിങ്ങൾക്കറിയാം ബാബ രാവണനുമേൽ വിജയം പ്രാപ്തമാക്കിച്ച് നമ്മെ ലക്ഷ്മി–നാരായണനാക്കി മാറ്റുന്നു. ആരെങ്കിലും നിങ്ങളോടു ചോദിക്കുകയാണെങ്കിൽ നിങ്ങൾക്ക് പെട്ടെന്നു തന്നെ പറയാൻ സാധിക്കും നമ്മെ ഭഗവാനാണ് പഠിപ്പിക്കുന്നതെന്ന്. ഭഗവാനുവാചാ, എങ്ങനെയാണോ ടീച്ചർ പറയുന്നത് ഞാൻ നിങ്ങളെ വക്കീലാക്കി മാറ്റുമെന്ന്. അവർ നിശ്ചയത്തോടെ പഠിക്കുകയും അതുപോലെയായിത്തീരുകയും ചെയ്യുന്നു. പഠിക്കുന്നവരും നമ്പർവൈസാണ്. അതുപോലെ പദവിയും നമ്പർവൈസായിരിക്കും കാരണം ഇത് പഠിപ്പാണ്. ബാബ ലക്ഷ്യത്തെ മുന്നിൽ കാണിച്ചു തരുന്നുണ്ട്. നിങ്ങൾ മനസ്സിലാക്കുന്നു, നമ്മൾ ഈ പഠിപ്പിലൂടെ ഇവർക്ക് സമാനമായിത്തീരുന്നു. സന്തോഷത്തിന്റെ കാര്യമല്ലേ. ഐ.സി.എസ് പഠിക്കുന്നവരും മനസ്സിലാക്കും – നമ്മൾ ഈ പഠിപ്പിലൂടെ ഈ പദവി പ്രാപ്തമാക്കും, പിന്നീട് അത് ചെയ്യും, ഇത് ചെയ്യും, വീടുണ്ടാക്കും..... ബുദ്ധിയിൽ ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം തന്നെ ചിന്തിക്കുന്നു. ഇവിടെ നിങ്ങൾ കുട്ടികളെ ബാബയാണ് പഠിപ്പിക്കുന്നത്. എല്ലാവർക്കും പഠിക്കണം, പവിത്രമായിത്തീരണം. നമ്മൾ അപവിത്രമായ ഏതൊരു കർമ്മവും ചെയ്യില്ലെന്ന് ബാബയോട് പ്രതിജ്ഞ ചെയ്യണം. ബാബ പറയുന്നു, അഥവാ എന്തെങ്കിലും തലകീഴായ കർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ സമ്പാദ്യം മുഴുവനും ഇല്ലാതാകുന്നു. ഈ മൃത്യുലോകം പഴയലോകമാണ്. നമ്മൾ പുതിയ ലോകത്തേക്കു വേണ്ടിയാണ് പഠിക്കുന്നത്. ഈ പഴയ ലോകം നശിക്കാനുള്ളതാണ്. പരിതസ്ഥിതികളും അതുപോലെത്തന്നെയാണ്. ബാബ നമ്മളെ പഠിപ്പിക്കുന്നത് അമരലോകത്തേക്കു വേണ്ടിയാണ്. ബാബ മുഴുവൻ ലോകത്തിന്റെയും ചക്രത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നു. കൈയ്യിൽ ഒരു പുസ്തകവുമില്ല. വാക്കിലൂടെ മനസ്സിലാക്കിത്തരുന്നു. ഏറ്റവും ആദ്യത്തെ കാര്യം ബാബ മനസ്സിലാക്കിത്തരുന്നത്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. ആത്മാവ് ഭഗവാനായ അച്ഛന്റെ കുട്ടിയാണ്. പരമപിതാവായ പരമാത്മാവ് പരംധാമത്തിലാണ് വസിക്കുന്നത്. നമ്മൾ ആത്മാക്കളും അവിടെ വസിക്കുന്നവരാണ്. പിന്നീട് അവിടെ നിന്നും നമ്പർവൈസായി ഇങ്ങോട്ട് പാർട്ട് അഭിനയിക്കാനായി വരുന്നു. ഇത് പരിധിയില്ലാത്ത വലിയ സ്റ്റേജാണ്. ഈ വേദിയിലേക്ക് ഏറ്റവും ആദ്യമായി പാർട്ട് അഭിനയിക്കുന്നതിനു വേണ്ടി ആത്മാക്കൾ വരുന്നത് പുതിയലോകത്തിലേക്കാണ്, ഭാരതത്തിലാണ്. അവരുടെ പെരുമാറ്റം തന്നെ വേറെയാണ്. നിങ്ങൾ അവരുടെ മഹിമകൾ പാടിയിരുന്നു. അവരെ നമുക്ക് കോടിപതികളെന്നു പറയാൻ സാധിക്കുമോ? അവർ അളവറ്റ ധനത്തിന് ഉടമകളായിരുന്നു. ബാബ പരിധിയില്ലാത്തതായതു കാരണം ഇവരെയും മനുഷ്യരെന്നാണ് പറയുക. ഈ ഡ്രാമയും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ശിവബാബ ഇവരെ ധനവാനാക്കി മാറ്റിയതുകൊണ്ടാണ് ഭക്തിമാർഗ്ഗത്തിൽ പിന്നീട് ശിവന്റെ ക്ഷേത്രമുണ്ടാക്കി പൂജ ചെയ്തത്. ആരാണോ ഇവരെ പൂജ്യരാക്കിയത് അവരുടെ പൂജയാണ് ഏറ്റവുമാദ്യം ചെയ്യുന്നത്. ബാബ ദിവസേന ലഹരി വർദ്ധിപ്പിക്കുന്നതിനായി വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നുണ്ട്. എന്നാൽ ആരാണോ നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കുന്നത്, അവരാണ് സേവനത്തിൽ മുഴുകിയിരിക്കുന്നത്, ഉണർവ്വോടെയിരിക്കുന്നത്. അല്ലെങ്കിൽ മോശമാകുന്നു. കുട്ടികൾക്കറിയാം എപ്പോഴാണോ ഇവർ ഭാരതത്തിൽ രാജ്യം ഭരിച്ചിരുന്നത്, അപ്പോൾ മറ്റാരും തന്നെ ഉണ്ടായിരുന്നില്ല. ദൈവീക രാജധാനിയായിരുന്നു. പിന്നീട് അതിനു ശേഷം മറ്റു പല ധർമ്മങ്ങളും വന്നിരുന്നു. ഇപ്പോൾ നിങ്ങൾക്ക് സൃഷ്ടിചക്രം എങ്ങനെ കറങ്ങുന്നു എന്നു മനസ്സിലായിക്കഴിഞ്ഞു. സ്കൂളിൽ ലക്ഷ്യവും വേണമല്ലോ. സത്യയുഗത്തിൽ ഇവർ(ലക്ഷ്മി–നാരായണൻ) രാജ്യം ഭരിച്ചിരുന്നു പിന്നീട് 84 ജന്മത്തിന്റെ ചക്രത്തിലേക്ക് വന്നു. കുട്ടികൾക്കറിയാം ഇത് പരിധിയില്ലാത്ത പഠിപ്പാണ്. ജന്മ–ജന്മാന്തരം പരിധിയില്ലാത്ത പഠിപ്പാണ് പഠിച്ചു വന്നത്. ഈ കാര്യത്തിൽ പക്കാ നിശ്ചയം ഉണ്ടായിരിക്കണം. മുഴുവൻ സൃഷ്ടിയെയും പരിവർത്തനപ്പെടുത്തുന്ന നരകത്തെ സ്വർഗ്ഗമാക്കി മാറ്റുന്ന ബാബയാണ് നമ്മെ പഠിപ്പിക്കുന്നത്. മുക്തിധാമത്തിൽ എല്ലാവർക്കും പോകാൻ സാധിക്കുമെന്നുള്ളത് ഉറപ്പാണ്. സ്വർഗ്ഗത്തിലേക്ക് എല്ലാവർക്കും പോകാൻ സാധിക്കില്ലല്ലോ. ബാബ നമ്മളെ ഈ വിഷയസാഗരം അഥവാ വേശ്യാലയത്തിൽ നിന്നും മുക്തമാക്കുകയാണെന്നുള്ള കാര്യം ഇപ്പോഴാണ് നിങ്ങൾക്കറിയുന്നത്. ഇപ്പോൾ ഈ ലോകം വേശ്യാലയമാണ്. ഇത് എപ്പോഴാണ് ആരംഭിക്കുന്നത് എന്നുള്ളതിനെക്കുറിച്ചും നിങ്ങൾ അറിഞ്ഞു കഴിഞ്ഞു. രാവണരാജ്യം ആരംഭിച്ച് 2500 വർഷങ്ങൾ പിന്നിട്ടു. ഭക്തി ആരംഭിച്ചിട്ടും അത്രയും തന്നെ വർഷങ്ങളായി. ആദിയിൽ ദേവി–ദേവതകളായിരുന്നു, പിന്നീട് അവർ വാമ മാർഗ്ഗത്തിലേക്ക് വന്നു. ഭക്തി ചെയ്യുന്നതിനായി ധാരാളം ക്ഷേത്രങ്ങൾ നിർമ്മിച്ചു. സോമനാഥന്റെ ക്ഷേത്രം എത്ര വലുതാണ് ഉണ്ടാക്കിയിരിക്കുന്നത്. അതിന്റെ ചരിത്രത്തെക്കുറിച്ച് കേട്ടിരിക്കുമല്ലോ. ക്ഷേത്രത്തിൽ എന്തെല്ലാമുണ്ടായിരുന്നു! അപ്പോൾ അവർ ആ സമയത്ത് എത്ര ധനവാൻമാരായിരിക്കും. കേവലം ഒരു ക്ഷേത്രമായിരിക്കില്ലല്ലോ. ചരിത്രത്തിൽ ഒന്നിന്റെ മാത്രം പേരാണ് എഴുതപ്പെട്ടിട്ടുള്ളത്. ധാരാളം രാജാക്കന്മാർ ക്ഷേത്രങ്ങൾ നിർമ്മിച്ചിട്ടുണ്ടാകും. പരസ്പരം

ചെയ്യുന്നതുകണ്ട് എല്ലാവരും പൂജിക്കുമല്ലോ. ധാരാളം ക്ഷേത്രങ്ങൾ ഉണ്ടാവും. ഒരു ക്ഷേത്രം മാത്രമായിരിക്കില്ല കൊളളയടിച്ചിട്ടുണ്ടാവുക, അടുത്തും ക്ഷേത്രങ്ങളുണ്ടാവും. അവിടെയുളള ഗ്രാമങ്ങൾ തമ്മിൽ ഒരുപാട് ദൂരം ഉണ്ടാകില്ല. പരസ്പരം സമീപത്തായിരിക്കും കാരണം അന്നത്തെക്കാലത്ത് ട്രെയിൻ ഒന്നും ഉണ്ടാകില്ലല്ലോ. വളരെ സമീപത്തു തന്നെയായിരിക്കും എല്ലാവരും വസിക്കുന്നത്, പിന്നീടാണ് സൃഷ്ടിയുടെ അഭിവൃദ്ധി സംഭവിക്കുന്നത്.

ഇപ്പോൾ നിങ്ങൾ കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുകയാണ്. ഏറ്റവും ഉയർന്ന ബാബയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. ഈ ലഹരി ഉണ്ടായിരിക്കണം. വീടുകളിൽ ഒരിക്കലും കരയുകയോ ബഹളം വെക്കുകയോ ചെയ്യരുത്. ഇവിടെ നിങ്ങൾക്ക് ദൈവീക ഗുണത്തെ ധാരണ ചെയ്യണം. ബാബ ഈ പുരുഷോത്തമ സംഗമയുഗത്തിലാണ് നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നത്. ഇത് ഇടയ്ക്കുളള സമയമാണ്, ഈ സമയത്താണ് നിങ്ങൾ പരിവർത്തനപ്പെടുന്നത്. പഴയലോകത്തിൽ നിന്നും പുതിയ ലോകത്തേക്ക് പോകേണ്ടത്. ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. ഭഗവാനാണ് നിങ്ങളെ പഠിപ്പിക്കുന്നത്. മുഴുവൻ ലോകത്തെയും പരിവർത്തനപ്പെടുത്തുന്നു. പഴയലോകത്തെ പുതിയതാക്കി മാറ്റുന്നു. നിങ്ങൾ ഈ പുതിയ ലോകത്തിന്റെ അധികാരികളായാണ് മാറുന്നത്. നിങ്ങൾക്ക് യുക്തി നൽകുന്നതിനായി ബാബ ബന്ധിതനായിരിക്കുകയാണ്. അപ്പോൾ കുട്ടികൾക്കും അതിനെ പ്രയോഗത്തിലേക്ക് കൊണ്ടുവരണം. നമ്മൾ ഇവിടെ വസിക്കേണ്ടവരല്ല എന്നുളളത് മനസ്സിലായില്ലേ. നമ്മുടെയും രാജധാനി ഉണ്ടായിരുന്നു എന്നുളളത് നിങ്ങൾക്ക് അറിയുമായിരുന്നില്ലല്ലോ. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നു – നമ്മൾ രാവണന്റെ രാജധാനിയിൽ ധാരാളം ദുഃഖം അനുഭവിച്ചിരുന്നു. ഇതിനെയാണ് വികാരിലോകം എന്ന് പറയുന്നത്. ഈ ദേവതകൾ സമ്പൂർണ്ണ നിർവ്വികാരികളായിരുന്നു. അവരുടെ മുന്നിലേക്ക് പോയി സ്വയത്തെ വികാരി എന്നു പറയുന്നു. ഈ രാവണരാജ്യം എപ്പോഴാണ് ആരംഭിക്കുന്നത്, എന്തു സംഭവിച്ചു ഇതൊന്നും ആരും തന്നെ അറിയുന്നില്ല. ബുദ്ധി തീർത്തും തമോപ്രധാനമാണ്. പവിഴബുദ്ധിയുണ്ടായിരുന്നത് സത്യയുഗത്തിലാണ്, അപ്പോൾ വിശ്വത്തിന്റെ അധികാരികളായിരുന്നു, അളവറ്റ സുഖികളായിരുന്നു. അതിന്റെ പേരു തന്നെ സുഖധാമം എന്നാണ്. ഇവിടെ എല്ലാവർക്കും അളവറ്റ ദുഃഖമാണ്. സുഖത്തിന്റെ ലോകത്തെക്കുറിച്ചും ദുഃഖത്തിന്റെ ലോകം എങ്ങനെയാണെന്നുളളതും ബാബ നമുക്ക് മനസ്സിലാക്കിത്തരികയാണ്. എത്ര സമയം സുഖമുണ്ടാകുന്നു, ദുഃഖം എത്ര സമയമാണെന്നുളളതിനെക്കുറിച്ചും മനുഷ്യർക്ക് ഒന്നും തന്നെ അറിയില്ല. നിങ്ങളിലും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. മനസ്സിലാക്കിത്തരുന്നത് പരിധിയില്ലാത്ത ബാബയാണ്. കൃഷ്ണനെ ഒരിക്കലും പരിധിയില്ലാത്ത പിതാവെന്നു പറയില്ല. ഹൃദയത്തിൽ തോന്നുകയില്ല. പക്ഷേ ആരെയാണ് അച്ഛനെന്നു വിളിക്കുക എന്നതു പോലും അറിയുന്നില്ല. ഭഗവാൻ മനസ്സിലാക്കിത്തരുന്നു എല്ലാവരും എന്നെ ആക്ഷേപിക്കുന്നുണ്ട്, ഞാൻ നിങ്ങളെ ദേവതകളാക്കി മാറ്റുന്നു, നിങ്ങൾ എന്നെയും ധാരാളം ആക്ഷേപിച്ചു, പിന്നീട് ദേവതകളെയും ആക്ഷേപിച്ചു, മനുഷ്യർ ഇത്രയ്ക്കും വിഢികളായിത്തീർന്നിരിക്കുകയാണ്. ഗോവിന്ദനെ ഭജിക്കൂ... എന്നെല്ലാം പറയുന്നുണ്ട്. ബാബ പറയുന്നു – അല്ലയോ വിഢികളേ, ഗോവിന്ദ–ഗോവിന്ദ, രാമ–രാമ... എന്നെല്ലാം പറഞ്ഞ് ബുദ്ധിയിൽ ഞാൻ ആരെയാണ് ഭജിക്കുന്നതെന്നതിനെക്കുറിച്ച് അറിയുന്നുണ്ടോ? കല്ലുബുദ്ധികളെ വിഢികളെന്നേ പറയൂ. ബാബ പറയുന്നു ഇപ്പോൾ ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരികളാക്കി മാറ്റുകയാണ്. ബാബ സർവ്വരുടെയും സദ്ഗതി ദാതാവാണ്.

ബാബ മനസ്സിലാക്കിത്തരുന്നു, നിങ്ങൾ നിങ്ങളുടെ പരിവാരത്തിന്റെ ബന്ധനത്തിൽ ഒരുപാട് അകപ്പെട്ടിരിക്കുകയാണ്! ഭഗവാൻ പറയുന്നതെന്താണോ അത് ബുദ്ധിയിലേക്ക് കൊണ്ടു വരണം. എന്നാൽ ആസുരീയ മതത്തിൽ വീണു പോയതു കാരണം എങ്ങനെ ഈശ്വരീയ മതമനുസരിച്ച് മുന്നേറും. ഗോവിന്ദൻ ആരാണ്, എന്നതിനെക്കുറിച്ചു പോലും അറിയുന്നില്ല. നിങ്ങൾ പറയുന്നു, ബാബാ അങ്ങ് അളവറ്റ തവണ മനസ്സിലാക്കി തന്നിട്ടുണ്ട്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുളളതാണ്, ബാബാ ഞങ്ങൾ വീണ്ടും അങ്ങയിൽ നിന്നും സമ്പത്ത് നേടുകയാണ്. ഞങ്ങൾ തീർച്ചയായും നരനിൽ നിന്നും നാരായണനായിത്തീരുകയാണ്. വിദ്യാർത്ഥികൾക്ക് തീർച്ചയായും പഠിപ്പിന്റെ ലഹരി ഉണ്ടാവുക തന്നെ ചെയ്യും. ഞങ്ങൾക്ക് ഇതായിത്തീരണമെന്ന ലക്ഷ്യം തീർച്ചയായും ഉണ്ടാകും. ഇപ്പോൾ ബാബ പറയുന്നു, നിങ്ങൾക്ക് സർവ്വഗുണ സമ്പന്നരായിത്തീരുക തന്നെ വേണം. ആരോടും നിങ്ങൾ ക്രോധിക്കരുത്. ദേവതകളിൽ പഞ്ച വികാരങ്ങൾ ഉണ്ടാവുകയില്ല. ശ്രീമതമനുസരിച്ച് മുന്നേറണം. ശ്രീമതം ഏറ്റവുമാദ്യം തന്നെ പറയുന്നത്, സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കൂ എന്നാണ്. നിങ്ങൾ ആത്മാക്കൾ പരംധാമത്തിൽ നിന്നും ഇവിടേക്ക് പാർട്ട് അഭിനയിക്കുന്നതിനായാണ് വന്നിരിക്കുന്നത്. നിങ്ങളുടെ ഈ ശരീരം വിനാശിയാണ്. ആത്മാവ് അവിനാശിയാണ്. അതുകൊണ്ട് നിങ്ങൾ സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കൂ – ഞാൻ പരംധാമത്തിൽ

നിന്നും ഇങ്ങോട്ട് പാർട്ട് അഭിനയിക്കുന്നതിനായി വന്നിരിക്കുകയാണ്. ഇപ്പോൾ ഇവിടെ എല്ലാവരും ദുഃഖിയായതിനാലാണ് – വരൂ, വന്ന് മുക്തിധാമത്തിലേക്ക് കൊണ്ട് പോകൂ എന്നു പറഞ്ഞ് വിളിക്കുന്നത്. പക്ഷേ ആരാണ് നിങ്ങളെ പാവനമാക്കി മാറ്റുക? ഒരാളെത്തന്നെയാണ് വിളിക്കുന്നത്, ഇപ്പോൾ ആ ബാബ വന്ന് മനസ്സിലാക്കിത്തരുന്നു – എന്റെ മധുരമധുരമായ കുട്ടികളേ സ്വയത്തെ ആത്മാവെന്നു മനസ്സിലാക്കൂ, ദേഹമാണെന്നു മനസ്സിലാക്കരുത്. നമ്മൾ ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്. ആത്മാക്കൾ തന്നെയാണ് അല്ലയോ പതിതപാവനാ വന്ന് പാവനമാക്കൂ എന്നു പറഞ്ഞ് വിളിക്കുന്നത്. ഭാരതം തന്നെയായിരുന്നു പാവനമായിരുന്നത്. ഇപ്പോൾ വീണ്ടും വിളിക്കുന്നു – പതിതത്തിൽ നിന്നും പാവനമാക്കി മാറ്റി സുഖധാമത്തിലേക്ക് കൊണ്ടുപോകൂ. കൃഷ്ണനോടൊപ്പം നിങ്ങളുടെ പ്രീതിയുമുണ്ട്. കുമാരിമാരും മാതാക്കളും ഏറ്റവും കൂടുതലായി വ്രതവും ഉപവാസവും എടുക്കുന്നത് കൃഷ്ണനെ പ്രീതിപ്പെടുത്താനാണ്. കൃഷ്ണപുരി അഥവാ സത്യയുഗത്തിലേക്ക് പോകണമെന്നു പറഞ്ഞ് നിർജ്ജലത്തോടെയിരിക്കുന്നു. പക്ഷേ അറിവില്ലാത്തതു കൊണ്ട് വളരെയധികം പ്രയത്നത്തോടെ വ്രതമെടുക്കുന്നു. നിങ്ങളും ഇതെല്ലാം തന്നെ ചെയ്യുന്നത്, ആർക്കും കേൾപ്പിച്ചു കൊടുക്കാനല്ല പകരം, സ്വയം കൃഷ്ണപുരിയിലേക്കു പോകുന്നതിനായാണ്. നിങ്ങളെ ആരും തന്നെ തടയുകയില്ല. മറ്റുള്ള മനുഷ്യർ ഗവൺമെന്റിനു മുന്നിൽ ഉപവാസമെല്ലാം തന്നെ എടുക്കുന്നുണ്ട്. അത്രയും പ്രയത്നിക്കുന്നു – ബുദ്ധിമുട്ടിക്കുന്നതിനായി. നിങ്ങൾക്ക് ആരുടെ മുന്നിലും പോയി ധർണ്ണയിരിക്കേണ്ടതായ ആവശ്യമില്ല. ആരും നിങ്ങളെ ഇത് പഠിപ്പിച്ചിട്ടില്ല.

ശ്രീകൃഷ്ണൻ സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരനാണ്. പക്ഷേ ഇത് ആർക്കും തന്നെ അറിയില്ല. കൃഷ്ണനെ അവർ ദ്വാപരയുഗത്തിലേക്ക് കൊണ്ടു വന്നു. ബാബ മനസ്സിലാക്കിത്തരുന്നു – മധുരമധുരമായ കുട്ടികളേ, ഭക്തിയും ജ്ഞാനവും രണ്ടും രണ്ടാണ്. ജ്ഞാനം പകലും ഭക്തി രാത്രിയുമാണ്. ആരുടെ? ബ്രഹ്മാവിന്റെ രാത്രിയും പകലും. പക്ഷേ അതിന്റെ അർത്ഥം ഗുരുക്കന്മാർക്കും ശിഷ്യർക്കും അറിയുകയില്ല. ജ്ഞാനം ഭക്തി വൈരാഗ്യം എന്നിവയുടെ രഹസ്യത്തെക്കുറിച്ച് ബാബയാണ് നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നത്. ജ്ഞാനം പകലാണ്, ഭക്തി രാത്രിയും പിന്നീടാണ് വൈരാഗ്യം വരുന്നത്. അവർക്ക് ഇതിനെക്കുറിച്ച് അറിയില്ല. ജ്ഞാനം ഭക്തി വൈരാഗ്യം എന്നുള്ള അക്ഷരം വളരെയധികം കൃത്യമാണ്, പക്ഷേ അതിന്റെ അർത്ഥത്തെക്കുറിച്ച് അറിയില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായിക്കഴിഞ്ഞു, ബാബ ജ്ഞാനം നൽകുന്നതിലൂടെ പകൽ ഉണ്ടാകുന്നു. ഭക്തി ആരംഭിക്കുമ്പോൾ അതിനെ രാത്രി എന്നു പറയുന്നു കാരണം നിങ്ങൾക്ക് ബുദ്ധിമുട്ടേണ്ടി വരുന്നു. ബ്രഹ്മാവിന്റെ രാത്രി തന്നെയാണ് ബ്രാഹ്മണരുടെ രാത്രിയും, പിന്നീട് പകലുമുണ്ടാകുന്നു. ജ്ഞാനത്തിലൂടെ പകലും, ഭക്തിയിലൂടെ രാത്രിയും ഉണ്ടാകുന്നു. രാത്രിയിൽ നിങ്ങൾ വനവാസത്തിലാണ് പിന്നീട് പകൽ സമയത്ത് നിങ്ങൾ എത്ര ധനവാനായാണ് മാറുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

സ്വന്തം ഹൃദയത്തോട് ചോദിക്കണം:-
1) ബാബയിൽ നിന്നും ഇത്രയും സന്തോഷത്തിന്റെ ഏതൊരു ഖജനാവാണോ ലഭിക്കുന്നത് അത് ബുദ്ധിയിൽ നിലനിൽക്കുന്നുണ്ടോ?

2) ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റാൻ വന്നിരിക്കയാണ്, അതുകൊണ്ട് എന്റെ പെരുമാറ്റവും അങ്ങനെയുള്ളതാണോ? സംസാരത്തിന്റെ രീതി അതുപോലെയാണോ? ഒരിക്കലും ആരെയും ആക്ഷേപിക്കുന്നില്ലല്ലോ?

3) ബാബയോട് പ്രതിജ്ഞ ചെയ്തതിനു ശേഷം ഒരു അപവിത്രമായ കർമ്മവും ഉണ്ടാകുന്നില്ലല്ലോ?

## വരദാനം:-സാക്ഷിസ്ഥിതിയിൽ കഴിഞ്ഞ് പരിതസ്ഥിതികളുടെ കളിയെ കാണുന്ന സന്തോഷി ആത്മാവായി ഭവിക്കട്ടെ.

എങ്ങനെയുള്ള ഇളക്കുന്ന പരിതസ്ഥിതിയാകട്ടെ എന്നാൽ സാക്ഷി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ എങ്കിൽ അനുഭവം ചെയ്യും- പാവകളി(പപ്പെറ്റ് ഷോ) പോലെയാണ്. യഥാർഥമല്ല. തന്റെ സ്ഥാനത്തിരുന്നു കൊണ്ട്

കളി കാണൂ. സംഗമയുഗത്തിന്റെ ശ്രേഷ്ഠ അഭിമാനമാണ്- സന്തുഷ്ടമണിയാകുക അഥവാ സന്തോഷി യായി കഴിയുക. ഈ അഭിമാനത്തിൽ കഴിയുന്ന ആത്മാവ് പരവശമാകുകയില്ല. സംഗമയുഗത്തിൽ ബാപ്ദാദയുടെ വിശേഷ ദാനം സന്തുഷ്ടതയാണ്.

**സ്ലോഗൻ:- ഇങ്ങനെ പ്രസന്നമാകൂ- മനസിന്റെ സന്തോഷം മുഖത്തിലൂടെ സ്പഷ്ടമായി കാണപ്പെടണം**